സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുവാൻ നടപടി

*21 [141] ശ്രീ. എ. പി. അനിൽകുമാർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുവാൻ ആവശ്യമായ നടപടികൾ എടുക്കണമെന്ന് യു.ജി.സി. സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തു;

(സി) സംസ്ഥാനത്തുള്ള സർവ്വകലാശാലകൾ ഇക്കാര്യത്തിൽ എന്തു നടപടി എടുത്തു;

(ഡി) ആവശ്യമായ നിലവാരം നിലനിർത്തുന്നതിൽ പരാജയപ്പെടുന്ന സർവ്വകലാശാലകളുടെ ഗ്രാന്റ് വെട്ടിക്കുറയ്ക്കുമെന്ന് യു.ജി.സി. അറിയിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇത് സംബന്ധിച്ച് യു.ജി.സി.-യിൽനിന്ന് പ്രത്യേകം നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. എങ്കിൽകൂടിയും നിലവാരം ഉയർത്തുന്നതിനാവശ്യമായ പല നടപടികളും കേരളത്തിലെ സർവ്വകലാശാലകൾ കൈക്കൊണ്ടിട്ടുണ്ട്. അതിന്റെ ഭാഗമായി കോഴ്സ് കണ്ടന്റ്, പരീക്ഷാ സമ്പ്രദായം തുടങ്ങിയവയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ബിരുദാനന്തരതലത്തിൽ സെമസ്റ്റർ സമ്പ്രദായം നടപ്പിൽ വരുത്തിയും ബിരുദതലത്തിലും ഇത് ഏർപ്പെടുത്തുന്നതിന് നടപടികൾ എടുത്തുവരികയും ചെയ്യുന്നു. കൂടാതെ സർവ്വകലാശാല പരീക്ഷകൾ യഥാസമയം നടത്തുന്നതിനും സമയബന്ധിതമായി ഫലം പ്രഖ്യാപിക്കുന്നതിനുമായി പരീക്ഷാ കലണ്ടറുകളും നേരത്തെ പ്രസിദ്ധീകരിക്കാറുണ്ട്. യു.ജി.സി. തയ്യാറാക്കിയിട്ടുള്ള മാതൃകാ പാഠ്യ പദ്ധതിയെ അടിസ്ഥാനപ്പെടുത്തി അഖിലേന്ത്യാതലത്തിൽ പ്രശസ്തമായ സർവ്വകലാശാലകളോട് കിടപിടിക്കത്തക്ക രീതിയിൽ പാഠ്യ പദ്ധതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് സർവ്വകലാശാലകൾ ശ്രമിച്ചുവരികയാണ്.

(ഡി) ഇല്ല. എന്നാൽ ഭാവിയിൽ യു.ജി.സി.-യുടെ ഗ്രാന്റ് ലഭിക്കുന്നതിന് 'നാക്'-ന്റെ അക്രഡിറ്റേഷൻ ആവശ്യമാണെന്ന് യു.ജി.സി. നിഷ്കർഷിച്ചിട്ടുണ്ടെന്ന് എം.ജി. സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

ഭൂപരിഷ്കരണ നിയമ ഭേദഗതി

*22 [142] ശ്രീ. കെ. കെ. ജയചന്ദ്രൻ:
,, പി. ജയരാജൻ:
,, പിരപ്പൻകോട് മുരളി:
,, ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly